**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1350** **14-03-2022 - ൽ മറുപടിയ്ക്ക്**

**കോടാലി ഗവ. എൽ.പി. സ്കൂൾ കെട്ടിടത്തിന്റെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | null<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസ വകുപ്പിന്റെ (വാർഷിക പദ്ധതി 2020-21) ഫണ്ട് ഉപയോഗിച്ച് പുതുക്കാട് മണ്ഡലത്തിലെ കോടാലി ഗവ. എൽ.പി. സ്കൂൾ കെട്ടിടത്തിന്റെ രണ്ടാം നിലയുടെ നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ച് മാസങ്ങൾ പിന്നിട്ടിട്ടും നിർമ്മാണം ഇനിയും ആരംഭിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | നിർമ്മാണം ഏറ്റെടുത്തിട്ടുള്ള നിർമ്മിതികേന്ദ്രം തൃശ്ശൂർ ഒറിജിനൽ കരാർ ഉടമ്പടി തയ്യാറാക്കി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് 2021 ജൂൺ മാസം സമർപ്പിച്ചിട്ടും മുൻകൂർ തുകയോ ഒപ്പുവെച്ച കത്തിന്റെ പകർപ്പോ ലഭ്യമല്ലാത്തതിനാൽ പ്രവൃത്തി തുടങ്ങാൻ സാധിച്ചിട്ടില്ല എന്ന നിർമ്മിതിയുടെ മറുപടി ലഭിച്ച സാഹചര്യത്തിൽ പ്രസ്തുത നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | പ്രസ്തുത സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണത്തിനായി തൃശ്ശൂർ നിർമ്മിതി കേന്ദ്രവുമായി പൊതു വിദ്യാഭ്യാസ ഡയറക്ടർ കരാറിൽ ഏർപ്പെടുകയും ആയത് നിർവ്വഹണ ഏജൻസിക്ക് നൽകുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം, കെട്ടിട നിർമ്മാണത്തിനായി 20% മുൻകൂർ തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ